# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1582. 03.10.2011-ൽ മറുപടിക്ക്

### വയനാട് ആദിവാസി സ്ത്രീകളുടെ കച്ച അഴിപ്പിച്ച പോലീസ് നടപടി.

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ. | | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) വയനാട്ടിൽ മുഖ്യമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് സുരക്ഷാ സംവിധാനത്തിന്റെ പേരിൽ ആദിവാസി സ്ത്രീകളുടെ കച്ച അഴിപ്പിച്ച പോലീസ് നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും | 16.09.11-ലെ മുഖ്യമന്ത്രിയുടെ വയനാട് ജില്ലാ സന്ദർശന വേളയിൽ കല്പറ്റ സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ വച്ച് മുഖ്യമന്ത്രിക്ക് നിവേദനം നൽകാൻ വേദിയിലേക്ക് പോയ ആദിവാസി സ്ത്രീകളിൽ 3 പേർ മേൽ വസ്ത്രത്തിനു പുറമേ കറുത്ത തുണി അരയിൽ കച്ചയായി ധരിച്ചത് കാണപ്പെട്ടു. മുഖ്യമന്ത്രിയെ കരിങ്കൊടി കാണിച്ച് അവഹേളിക്കുവാനുള്ള സാധ്യത കണക്കിലെടുത്ത് സുരക്ഷാപരമായ കാരണങ്ങളാൽ തൽക്കാലത്തേക്ക് പ്രസ്തുത കച്ച ഒഴിവാക്കുവാൻ തൽസമയം ഡ്യൂട്ടിയിരുണ്ടായിരുന്ന വനിതാ പോലീസുകാർ അഭ്യർത്ഥിച്ചതിൻ പ്രകാരം ആദിവാസി സ്ത്രീകൾ സ്വമേധയാ കച്ച ഒഴിവാക്കിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | ആദിവാസികളുടെ പരമ്പരാഗത വസ്ത്ര രീതിക്കും ആചാരങ്ങൾക്കുമെതിരെയുള്ള ഈ നടപടിയെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) യും (ഡി) യും | ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിക്കുവാൻ എ.ഡി.ജി.പി (ഇൻറലിജൻസ്)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | | |
| (ഇ) | ഇപ്രകാരം ആദിവാസി സമൂഹത്തെ അധിക്ഷേപിച്ച പോലീസ് ഉദ്യോഗസ്ഥരുടെ മേൽ നടപടി സ്വീകരിക്കുമോ; | (ഇ) | ആദിവാസി സമൂഹത്തെ പോലീസ് ഉദ്യോഗസ്ഥർ അധിക്ഷേപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | ഭാവിയിൽ ഇത്തരം അതി ക്രമങ്ങൾ ഉണ്ടാകാതിരിക്കുവാനുള്ള നടപടികൾ ഉറപ്പാക്കുമോ? | (എഫ്) | ആദിവാസികളോടുള്ള സമീപനത്തിൽ നിയമപ്രകാരവും അനുഭാവപൂർവ്വവും പ്രവർത്തിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.